സർക്കുലർ നമ്പർ SKJMCC/11/2019-20

# സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ

സമസ്താലയം, ചേളാരി, പി.ഒ. തേഞ്ഞിപ്പലം, മലപ്പുറം ജില്ല -673 636. ഫോൺ: 2400749, 2400530. (0494).

**Website:** www.skjmcc.com, **E-mail:** skjmccchelari@gmail.com

## സ്കൂൾ വർഷ പാദവാർഷിക പരീക്ഷ

1. സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ വർഷ മദ്റസാ വിദ്യാർത്ഥികളുടെ പരീക്ഷകൾ റെയ്ഞ്ച് മുഖേന **2019 സപ്തംബർ 23,24,25,26 (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം)** തിയ്യതികളിൽ നടത്തേണ്ടതാണ്.
2. റെയ്ഞ്ചിന്റെ കീഴിലുള്ള സ്കൂൾവർഷ മദ്റസകളുടെ പ്രസ്തുത മൂന്ന് പരീക്ഷകളുടെയും ചോദ്യ പേപ്പറിനുള്ള അപേക്ഷ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് പരീക്ഷാ ഫീസിനൊപ്പം ഓരോ റെയ്ഞ്ചും തങ്ങൾക്കു നിർദ്ദേശിക്കപ്പെട്ട തിയ്യതിയായ **ജൂലൈ 15,16,17,18 ാം ദിവസം** തന്നെ ഓഫീസിൽ അട ക്കേണ്ടതാണ്.
3. **ഫീസും ലിസ്റ്റും നിശ്ചിത തിയ്യതിക്ക് തന്നെ ഓഫീസിൽ അടക്കേണ്ടതാണ്. നിശ്ചിത തിയ്യതിക്ക് ഫീസ് അടക്കാൻ ബുദ്ധിമുട്ടാണെങ്കിൽ ലിസ്റ്റ് തിയ്യതിക്ക് മുമ്പായി സമർപ്പിക്കേണ്ടതും ഒരാഴ്ചക്ക കം ഫീസ് അടക്കേണ്ടതുമാണ്.**
4. **പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന റെയ്ഞ്ച് ഐ.ടി കോർഡിനേറ്ററെ ഉപയോഗപ്പെടുത്തി പരീ ക്ഷാ ലിസ്റ്റ് ഓൺലൈനായി ചെയ്യാൻ റെയ്ഞ്ച് ചെയർമാൻ ശ്രദ്ധിക്കേണ്ടതാണ്.**
5. അർദ്ധവാർഷിക-വാർഷിക പരീക്ഷകൾക്ക് പാദവാർഷിക പരീക്ഷ പ്രകാരമുള്ള കുട്ടികളുടെ കണ ക്കിൽ മാറ്റമുണ്ടെങ്കിൽ കൂടുതലുള്ള കുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ഫീസ് പരീക്ഷാ തിയ്യതിക്ക് ഒരു മാസം മുമ്പ് തന്നെ അടക്കേണ്ടതാണ്. അല്ലാത്തവ പരിഗണിക്കുന്നതല്ല.
7. വിദ്യാർത്ഥികളിൽനിന്നും പരീക്ഷാഫീസിനോടൊപ്പം 15 രൂപ വീതം ബാഡ്ജ് സംഖ്യയും കൂടെ ക്ഷേമ നിധിയിലേക്കുള്ള മുഅല്ലിംകളുടെ ഒരു ദിവസത്തെ വേതനവിഹിതവും പിരിച്ചെടുക്കേണ്ടതും പരീക്ഷാ ഫീസ് അടക്കുന്ന തിയ്യതിക്ക് തന്നെ ഓഫീസിൽ അടക്കേണ്ടതുമാണ്. ബാഡ്ജ് സംഖ്യ അടക്കാത്ത മദ്റസകളുടെ ഫീസ് സ്വീകരിക്കുന്നതല്ല.
8. അർദ്ധവാർഷിക-വാർഷിക പരീക്ഷകളുടെ തിയ്യതി, ടൈംടേബിൾ, ചോദ്യപേപ്പർ വാങ്ങുന്നതിനുള്ള കത്തുകൾ എന്നിവ അതാത് സമയങ്ങളിൽ അയച്ചു തരുന്നതും അൽ മുഅല്ലിം മാസികയിൽ പ്രസി ദ്ധീകരിക്കുന്നതും, www.skjmcc.com എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്നതുമാണ്.
9. 1-ാം ക്ലാസിലെ 'തഫ്ഹീം എഴുത്തി'ന്റെ ചോദ്യപേപ്പറിൽ ഉത്തരമെഴുതാനുള്ള സൗകര്യമേർപെടുത്തി യിട്ടുള്ളതും അതനുസരിച്ച് കുട്ടികളെ കൊണ്ട് എഴുതിക്കേണ്ടതുമാണ്.
10 ഖുർആൻ, ഓറൽ, ഹിഫ്ള് പരീക്ഷകൾ അതത് ക്ലാസിലെ കുട്ടികളെ ഒരുമിച്ചിരുത്തി ചോദ്യപേപ്പറിൽ നിർദ്ദേശിച്ച പ്രകാരമുള്ള ഭാഗങ്ങൾ ഓരോ കുട്ടിയെകൊണ്ടും വായിപ്പിച്ചു മാർക്ക് നൽകേണ്ടതാണ്.
11. ഈ വർഷം മുതൽ പരീക്ഷക്ക് വിതരണം ചെയ്യുന്നത് 2018-ലെ പുതിയ എഡിഷൻ പാഠപുസ്തക ങ്ങളനുസരിച്ച് തയ്യാറാക്കിയ ചോദ്യപേപ്പർ ആയിരിക്കും.
12. ഈ വർഷത്തെ പാദ വാർഷിക പരീക്ഷക്ക് ആഗസ്റ്റ് ഉൾപ്പടെയുള്ള പാഠഭാഗങ്ങളിൽ നിന്ന് ചോദ്യം ഉണ്ടായിരിക്കുന്നതാണ്.
13. ഈ വർഷം പരിഷ്ക്കരിച്ച കിതാബുകളിലെ പാഠഭാഗങ്ങൾ

| VIII | | IX | | X | |
|---|---|---|---|---|---|
| ഫിഖ്ഹ് | 3 | ഫിഖ്ഹ് | 3 | ഫിഖ്ഹ് | 3 |
| താരീഖ് | 3 | താരീഖ് | 5 | ലിസാനുൽ ഖുർആൻ | 3 |
| ദുറൂസുൽ ഇഹ്സാൻ | 3 | ദുറൂസുൽ ഇഹ്സാൻ | 3 | ദുറൂസുൽ ഇഹ്സാൻ | 3 |
| ലിസാനുൽ ഖുർആൻ | 3 | ലിസാനുൽ ഖുർആൻ | 3 | തഫ്സീറുൽ ഖുർആൻ | 5 |

14. ഹിഫ്ള് പരീക്ഷയിൽ ഖുർആനിനുപുറമെ അതത് ക്ലാസിലെ പാഠപുസ്തകങ്ങളിൽ നിന്നോ മുൻക്ലാ സുകളിൽ നിന്നോ മനഃപാഠമാക്കേണ്ട ദിക്റ്, ദുആകൾ കൂടി ഉൾപെടുത്തുന്നതാണ്.
15. ഉറുദു ഹനഫി/ശാഫിഈ പേപ്പറുകൾ ആവശ്യമുള്ളവർ റെയ്ഞ്ച് ലെറ്റർ പേഡിൽ പ്രത്യേകം അപേക്ഷ നൽകേണ്ടതാണ്.
16. ഓരോ മദ്റസയിൽ നിന്നും ഒന്നാം ക്ലാസടക്കമുള്ള ലിസ്റ്റ് നിശ്ചിത അപേക്ഷാ ഫോറങ്ങളിൽ പൂരിപ്പിച്ചു വാങ്ങി ഒരു കോപി റെയ്ഞ്ചിൽ സൂക്ഷിക്കുകയും ഒരെണ്ണം ചോദ്യപേപ്പറിനുള്ള അപേക്ഷയോടൊപ്പം ഓഫീസിൽ ഏൽപിക്കേണ്ടതുമാണ്. മദ്റസയിൽ നിന്നും ചോദ്യപേപ്പറിനുള്ള അപേക്ഷ റെയ്ഞ്ചിൽ സ്വീകരിക്കുമ്പോൾ പ്രസ്തുത മദ്റസയിലേക്ക് ആവശ്യമുള്ള ചോദ്യപേപ്പറിന്റെ കണക്കനുസരിച്ച് തന്നെയാണോ അപേക്ഷിച്ചിട്ടുള്ളതെന്ന് മാനേജ്മെന്റിന്റെയും റെയ്ഞ്ചിന്റെയും ഉത്തരവാദപ്പെട്ടവർ

പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

17. പോസ്റ്റ്/കൊറിയർ വഴി അയക്കുമ്പോൾ നിശ്ചിത തിയ്യതിക്ക് മുമ്പ് തന്നെ ഫോറവും ഫീസും ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. സൗത്ത് ഇന്ത്യൻ ബാങ്കിൽ 0478073000000077 എന്ന നമ്പറിലോ, ഫെഡറൽ ബാങ്കിൽ 16470200000120 എന്ന നമ്പറിലോ പണമടച്ചാൽ മതിയാകുന്നതും അങ്ങനെ അടക്കുന്നപക്ഷം ബാങ്കിൽ നിന്നും തരുന്ന കൗണ്ടർ ഫോയിൽ അപേക്ഷയോടൊപ്പം ഓഫീസിൽ ഹാജറാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ തെറ്റിപ്പോവാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ചെക്ക് സ്വീകരിക്കുന്നതല്ല. ലിസ്റ്റ്, ഡ്രാഫ്റ്റ്, രശീത് എന്നിവ Secretary, SKJMCC, Samasthalayam, Chelari, P.O. Thenhipalam, 673 636, Malappuram Dt. എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.
18. ദൂരദിക്കിലുള്ള റെയ്ഞ്ചുകൾക്ക് മാത്രമേ ചോദ്യപേപ്പർ അയച്ചുകൊടുക്കുകയുള്ളൂ. അങ്ങനെയുള്ള റെയ്ഞ്ചുകളിൽ നിന്നും ചോദ്യപേപ്പറിനുള്ള അപേക്ഷയോടൊപ്പം നിർബന്ധമായും എഴുത്ത് വെക്കേണ്ടതും അയക്കുന്നതിനുള്ള പോസ്റ്റൽ/കൊറിയർ ചെലവുകൾ അതാത് റെയ്ഞ്ചുകൾ തന്നെ വഹിക്കേണ്ടതുമാണ്.
19. ചോദ്യപേപ്പർ ഓഫീസിൽ നിന്ന് നേരിട്ട് വാങ്ങാൻ ബന്ധപ്പെട്ടവർ തന്നെ വരേണ്ടതാണ്. അല്ലാത്ത പക്ഷം നിയമാനുസൃതം അധികാരപ്പെടുത്തിയ എഴുത്തുമായി ആളെ അയക്കേണ്ടതാണ്. നേരിൽ വാങ്ങുന്നവർ എണ്ണി ബോധ്യപ്പെട്ടതിനുശേഷം ഒപ്പുവെച്ച് കൊണ്ടുപോവേണ്ടതാണ്.
20. ചോദ്യപേപ്പറിനുള്ള അപേക്ഷാ ഫോറത്തിൽ ചെയർമാന്റെ വിലാസം എഴുതേണ്ട കോളത്തിൽ പൂർണമായ വിലാസവും, ബന്ധപ്പെടാവുന്ന ഫോൺ നമ്പറുകളും (കോഡ് സഹിതം) എഴുതേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. റെയ്ഞ്ചുമായി പൂർണ സഹകരണമുള്ള മദ്റസകളിൽ നിന്ന് മാത്രമേ പരീക്ഷാ ഫീസ് സ്വീകരിക്കേണ്ടതുള്ളൂ.
2. ചോദ്യപേപ്പർ ഏറ്റുവാങ്ങുന്നതിന് ചെയർമാൻ തന്നെ വരേണ്ടതാണ്. അല്ലാത്തപക്ഷം പരീക്ഷാ ബോർഡ് അംഗങ്ങളെ മാത്രം റെയ്ഞ്ച് ലെറ്റർപാഡിൽ നിയമാനുസൃത എഴുത്തുമായി അയക്കേണ്ടതാണ്.
3. റെയ്ഞ്ച് ചെയർമാൻ മദ്റസകളിലേക്കുള്ള ചോദ്യപേപ്പറുകൾ എണ്ണി തിട്ടപ്പെടുത്തി കവർ ചെയ്ത് നൽകേണ്ടതാണ്.
4. ചോദ്യപേപ്പർ ഓഫീസ് നിർദ്ദേശിക്കുന്ന സ്ഥലത്ത് വെച്ച് മാത്രമേ എണ്ണിയെടുക്കാൻ പാടുള്ളൂ. ഒരു കാരണവശാലും മറ്റുള്ളവർക്ക് ചോദ്യങ്ങൾ കാണുവാനുള്ള സാഹചര്യം ഉണ്ടാവാൻ പാടുള്ളതല്ല.
5. ചെയർമാന് ചോദ്യപ്പേപ്പറുകൾ കവർ ചെയ്യാൻ സഹായികൾ ആവശ്യമായി വരുന്ന പക്ഷം പരീക്ഷാ ബോർഡ് അംഗങ്ങളെ മാത്രം ഉപയോഗപ്പെടുത്തേണ്ടതും അല്ലാത്തവരെ ഒരു കാരണവശാലും ഉപയോഗപ്പെടുത്താൻ പാടില്ലാത്തതുമാണ്.
6. പരീക്ഷയുടെ ഭദ്രത നഷ്ടപ്പെടുത്തുന്ന ഒരു പ്രവർത്തനവും ചെയർമാന്മാരിൽ നിന്നോ മറ്റു മുഅല്ലിംകളിൽ നിന്നോ ഉണ്ടാകാൻ പാടുള്ളതല്ല. സ്കീമിന് വിപരീതമായി പരീക്ഷ നടത്താനും പാടുള്ളതല്ല. അങ്ങനെ എവിടെയെങ്കിലും നടന്നതായി വിവരം ലഭിക്കുന്ന പക്ഷം ആ റെയ്ഞ്ചിലെ മുഴുവൻ പരീക്ഷയും നിർത്തിവേക്കേണ്ടി വരുന്നതാണ്. അതിനാൽ ഉണ്ടാകുന്ന നഷ്ടത്തിന് സെൻട്രൽ കൗൺസിൽ ഉത്തരവാദിയാകുന്നതല്ല.
7. റെയ്ഞ്ചിലെ എല്ലാ മദ്റസകളിലും യഥാസമയം പരീക്ഷ നടക്കുന്നുണ്ടോ എന്ന് പരീക്ഷാ ബോർഡ് അന്വേഷിക്കേണ്ടതും വിസിറ്റ് ചെയ്യേണ്ടതുമാണ്. ഓരോ പരീക്ഷയും കഴിഞ്ഞ ഉടനെ മാർക്കലിസ്റ്റുകളുടെ കോപ്പി റെയ്ഞ്ചിലേക്ക് നൽകേണ്ടതും റെയ്ഞ്ച് യോഗത്തിൽ അത് വായിക്കേണ്ടതുമാണ്.
8. റെയ്ഞ്ചിലേക്ക് ആവശ്യമായ പാദവാർഷിക പരീക്ഷാ സ്കീം, ബാഡ്ജ് എന്നിവ ഫീസ് അടക്കുന്ന സമയത്തുതന്നെ വിതരണം ചെയ്യുന്നതാണ്.
9. ഓഫീസിൽ നിന്നും അതാത് കേന്ദ്രങ്ങളിൽ നിന്നും ചോദ്യപേപ്പർ എണ്ണി എടുക്കുമ്പോഴും മദ്റസകൾക്ക് പേപ്പർ കവർ ചെയ്തു കൊടുക്കുമ്പോഴും വിഷയങ്ങൾ മാറിപ്പോവാതിരിക്കാനും എണ്ണത്തിൽ കുറവ് വരാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതും കവറുകൾ ഭദ്രമായി ഒട്ടിച്ചു കൊടുക്കേണ്ടതുമാകുന്നു.
10. പരീക്ഷ കഴിഞ്ഞാൽ ഒരാഴ്ചക്കകം മാർക്ക് ലിസ്റ്റ് റെയ്ഞ്ചിലേക്കും റെയ്ഞ്ചിൽ ലിസ്റ്റ് ലഭിച്ച ഉടനെ റെയ്ഞ്ച് സംക്ഷിപ്തം പൂരിപ്പിച്ചും ചെയർമാൻ, സെക്രട്ടറി, മുദർരിബ്/ മുഫത്തിശ് എന്നിവർ ഒപ്പ് വെച്ച് റെയ്ഞ്ചിൽ സൂക്ഷിക്കേണ്ടതും വാർഷിക പരീക്ഷ കഴിഞ്ഞാൽ ഒരു കോപ്പി 15 ദിവസത്തിനകം ഓഫീസിൽ ഏൽപ്പിക്കേണ്ടതുമാണ്. കഴിഞ്ഞ വർഷത്തെ റെയ്ഞ്ച് സംക്ഷിപ്തം എത്തിക്കാത്തവർ ഉടനെ എത്തിക്കേണ്ടതാണ്. (അല്ലാത്ത റെയ്ഞ്ചിന് ഗ്രാന്റ്, അലവൻസ് എന്നിവ തടയപ്പെടുന്നതാണ്.)
11. ഫീസടച്ചശേഷം മദ്റസയിൽ നിന്ന് ടി.സി. വാങ്ങിപ്പോവുകയാണെങ്കിൽ അതത് സ്വദർ മുഅല്ലിംകൾ ഫീസടച്ച വിവരം സാക്ഷ്യപ്പെടുത്തിയ കത്ത് റെയ്ഞ്ച് ചെയർമാന് നൽകേണ്ടതാണ്.
12. സർക്കുലറിന്റെ കോപ്പി മദ്റസാ സ്വദർ മുഅല്ലിമിനെ ഏൽപിക്കേണ്ടതാണ്.

**15-06-2019** എന്ന്

ചേളാരി

**ഡോ.ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി**

ജനറൽ സെക്രട്ടറി

**SKJMCC**